പി.റ്റി (3) 9570/2019

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം,തീയതി.28.10.2019
Email : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Tel : No.04712330726

സർക്കുലർ നമ്പർ 42/2019

വിഷയം : 66- സഹകരണ വാരാഘോഷം സംഘടിപ്പിക്കുന്നത് - മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച്

സൂചന : 1. സംസ്ഥാന സഹകരണ യൂണിയന്റെ 14.10.2019 ലെ പി.ആർ.6266/19 നമ്പർ കത്ത്
2. 03.10.2019 ലെ സെൻട്രൽ ബാങ്ക് കോൺഫറൻസ് യോഗ തീരുമാനം

**********

66- മത് അഖിലേന്ത്യാ സഹകരണ വാരാഘോഷം 2019 നവംബർ 14 മുതൽ 20 വരെ സംഘടിപ്പിക്കുന്നതിന് സംസ്ഥാന സഹകരണ യൂണിയൻ ,കേരള തീരുമാനിച്ചിട്ടുണ്ട്. ഈ വർഷത്തെ വാരാഘോഷത്തിന്റെ പ്രമേയം " നവ ഇന്ത്യയിൽ സഹകരണത്തിന്റെ പങ്ക്" ( Role of Co-operatives in New India) എന്നാണ്.

66- മത് അഖിലേന്ത്യ സഹകരണ വാരാഘോഷ ദിനങ്ങളുടെ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 14.11.2019 | Innovation through Rural Co-operatives<br>(നവീകരണം ഗ്രാമീണ സഹകരണ മേഖലയിലൂടെ) |
| 15.11.2019 | Enabling Legislation for Co-operatives<br>(സഹകരണ പ്രസ്ഥാനത്തിൽ നിയമനിർമ്മാണം സാദ്ധ്യമാക്കൽ) |
| 16.11.2019 | Re-Orienting Training and Education through Success Stories<br>(വിജയഗാഥകളിലൂന്നിയുള്ള പുനഃപരിശീലനവും വിദ്യാഭ്യാസവും) |
| 17.11.2019 | Strengthening Co-operation among Co-operatives<br>(സഹകാരികൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തൽ) |
| 18.11.2019 | New Initiatives of Government through Co-operatives<br>(സഹകരണ പ്രസ്ഥാനത്തിലൂടെ സർക്കാരിന്റെ പുതിയ സംരംഭങ്ങൾ സാക്ഷാത്ക്കരിക്കൽ) |
| 19.11.2019 | Co-operatives for youth, women and weaker Sections<br>(യുവാക്കൾ, സ്ത്രീകൾ, ദുർബല വിഭാഗങ്ങൾ എന്നിവർക്കായുള്ള സഹകരണ സ്ഥാപനങ്ങൾ) |
| 20.11.2019 | Financial inclusion, Technology Adoption and Digitalization through Co-operatives<br>(സാമ്പത്തികം ഉൾപ്പെടുത്തൽ, സാങ്കേതിക വിദ്യയുടെ സ്വായത്തമാക്കൽ, ഡിജിറ്റലൈസേഷൻ എന്നിവ സഹകരണ മേഖലയിലൂടെ) |

മേൽ പറഞ്ഞ ദിനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ജില്ലാ സഹകരണ ബാങ്കുകൾ, അപ്പക്സ് സ്ഥാപനങ്ങൾ, സർക്കിൾ സഹകരണ യൂണിയനുകൾ അവരവരുടെ പ്രവർത്തന പരിധിയിൽപ്പെട്ട സംഘങ്ങളുമായി യോജിച്ച് നവംബർ 14 ന് പതാക ഉയർത്തി സഹകരണ പ്രതിജ്ഞ ചൊല്ലേണ്ടതാണ്. കൂടാതെ സെമിനാറുകൾ, പ്രബന്ധ, പ്രസംഗ മത്സരങ്ങൾ, സാംസ്കാരിക പരിപാടികൾ, പൊതുസമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

സംസ്ഥാന തലത്തിൽ സംസ്ഥാന സഹകരണ യൂണിയനും സർക്കിൾ തലത്തിൽ അതാത് സർക്കിൾ സഹകരണ യൂണിയനുകൾക്കുമാണ് സംഘാടന ചുമതല.

വാരാഘോഷത്തിന്റെ മുന്നോടിയായി സംസ്ഥാന സഹകരണ യൂണിയന്റെയും സർക്കിൾ സഹകരണ യൂണിയനുകളുടെയും ആഭിമുഖ്യത്തിൽ സർക്കിൾ/ജില്ല/സംസ്ഥാന തലത്തിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി പ്രസംഗ, പ്രബന്ധ മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതും സംസ്ഥാനതല ഉദ്ഘാടന സമാപന ചടങ്ങുകളോടനുബന്ധിച്ച് ബന്ധപ്പെട്ട ജില്ലകളിൽ പൊതു സമ്മേളനങ്ങളും സെമിനാറുകളും സംഘടിപ്പിക്കേണ്ടതുമാണ്

വാരാഘോഷത്തിന്റെ സംസ്ഥാന തല ഉദ്ഘാടനവും സമാപന പരിപാടികളും സംഘടിപ്പിക്കുന്നതിന് ആവശ്യമായ ധനസമാഹരണം ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും അപ്പെക്സ് സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച് സംസ്ഥാന സഹകരണ യൂണിയന് നടത്താവുന്നതും സർക്കിൾ തലത്തിലുള്ള വാരാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം സഹകരണ യൂണിയൻ ഭരണസമിതി/ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ അതാത് സർക്കിളുകളിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച് സംഘടിപ്പിക്കാവുന്നതുമാണ്.

(ഒപ്പ്)
കെ.ശകുന്തള
സഹകരണ സംഘം രജിസ്ട്രാർ(ഇൻചാർജ്)

പകർപ്പ്–

1. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
2. ആഡിറ്റ് ഡയറക്ടർ,ആഡിറ്റ് ഡയറക്ടറേറ്റ്,തിരുവനന്തപുരം
3. കേരള സംസ്ഥാന സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റർക്ക്
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജോയിന്റ് ഡയറക്ട് (ആഡിറ്റ്) മാർക്കും
6. എല്ലാ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് മാർക്കും
7. എല്ലാ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ/സെക്രട്ടറിമാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
9. അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
10. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം //

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി /പി.റ്റി)